## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 115

11.02.2016 ൽ മറുപടിയ്ക്ക്

## കയർ മേഖലയിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.കെ.ദാസൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| എ) കയർ മേഖലയിലെ പ്രതിസന്ധി രൂക്ഷമായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) കയർ മേഖലയിലെ പ്രതിസന്ധി വിലയിരുത്തി അപ്പപ്പോൾ അവ പരിഹരിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. ചകിരിയുടെ ദൗർലഭ്യം കയർമേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിനും കയർ മേഖലക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതി - **'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും'** നടപ്പിലാക്കി വരുന്നു.. ന ാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിന് സർക്കാർ ഭരണാനുമതി നൽകിയിട്ടു ണ്ട്. |
| ബി) കുറഞ്ഞ കൂലി നിരക്കും ,അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യവും കയർ മേഖലയിലെ തൊഴിലാളികളെ സാരമായി ബാധിച്ചിട്ടുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത് പ്രസ്തുത മേഖലയിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കുണ്ടാകുന്നുണ്ടോ എന്ന് വിലയിരിത്തിയിട്ടുണ്ടോ; | ബി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ . ചകിരിയുടെ ദൌർലഭ്യവും, അടിക്കടിയുണ്ടാകുന്ന വില വ്യതിയാനവും, കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖല ഉൾപ്പെടെ കൂലി കൂടുതലുള്ള മറ്റു മേഖലകളിലേയ്ക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കു ഉൾപ്പെടെയുള്ള കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള |

| | |
|---|---|
| | നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) നിലവിൽ കയർ മേഖലയിൽ എത്ര തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട്; ഇവർക്ക് പ്രതിവർഷം ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നുണ്ട് എന്നറിയിക്കാമോ; | സി) കയർ മേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. കയർ മേഖലയിൽ സഹകരണ വിഭാഗത്തിൽ 90000 തൊഴിലാളികൾക്ക് പ്രതിവർഷം ശരാശരി 155 തൊഴിൽദിനങ്ങൾ ലഭിക്കുന്നു. |
| ഡി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം ഇപ്പോൾ നിലവിലുണ്ടോ; ഇതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ ? | ഡി) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം ഇപ്പോൾ നിലവിലുണ്ട് ഇൻകം സപ്പോർട്ട് സ്കീമിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി 150/- രൂപയിൽ നിന്നും 300/- രൂപയായും ഉൽപ്പാദന മേഖലയിലെ തൊഴിലാളികളുടെ കൂലി 360/- രൂപയിൽ നിന്നും 500/- രൂപയായും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ